# *Weekly Devotion - May 2017*

# *One thing we do - (2 king :7:9)*

## (ഒരു കാര്യം നാം ചെയ്യുക)

> **"Then they said to each other, "What we're doing is not right. This is a day of good news and we are keeping it to ourselves..."**
> **2 Kings 7:9**

*1952 ൽ തൊഴിൽ രംഗത്തിന്റെ ചുമതല വഹിക്കുന്ന അമേരിക്കയിലെ ഒരു സംഘടന പല ക്രൈസ്തവ സംഘടനകളോടും ഒരു ബാലനെ ദത്തെടുക്കുവാനും നശിച്ചു പോകാതെ വളർത്തുവാനും ആവശ്യപ്പെട്ടു. പക്ഷേ ആരും അതിന് തയാറായില്ല. മകനെ തനിയെ ആക്കി ജോലിക്ക് പോകുന്ന അമ്മയ്ക്ക് അവനെ ശ്രദ്ധിപ്പാനും കഴിഞ്ഞില്ല. തനിയെ ആഹാരം പാകം ചെയ്ത് കഴിച്ച്. ആരോടും ബന്ധമില്ലതെ അലഞ്ഞ് നടന്ന് ജീവിതം മുമ്പോട്ട് നയിച്ചവനെ ആരും പരിഗണിച്ചുമില്ല. താന്തോന്നി ആയി വളർന്നവൻ , സ്നേഹം, കരുതൽ എല്ലാം അറിയാത്തവനായി തീർന്നു ക്രിസ്തീയ സംഘടനകളോ, കുടുംബങ്ങളോ ബാലനായവനെ ഏറ്റെടുത്തിരുന്നെങ്കിൽ ഫലമുണ്ടാകുമായിരുന്നു. കതിരിന്മേൽ വളം വച്ചാൽ പ്രയോജനമില്ല എന്നത് എത്രയോ അന്വർത്ഥമെന്ന് ഇവിടെ കാണാം. യുവാവായവനോട് നല്ലകാര്യങ്ങൾ പറഞ്ഞുകൊടുത്താൽ പ്രയോജനം ഉണ്ടാകുന്നില്ല എന്നതിന്റെ തെളിവായിരുന്നു ഓസ്വാൾഡ് എന്ന ഈ യുവാവ്. 1963 ൽ അമേരിക്കൻ പ്രസിഡണ്ടായ ജോൺ. എഫ് കെന്നഡിയെ വെടിവെച്ച് കൊന്നത് ഈ വ്യക്തിയായിരുന്നു. ചെയ്യാനുള്ളത് കൃത്യസമയത്ത് ചെയ്താൽ മാത്രമേ അതിന് ഫലമുണ്ടാകുകയുള്ളു.*

*ക്രിസ്ത്യാനികളെ ഉപദ്രവിച്ചു നടന്ന ശൗൻ എന്ന ചെറുപ്പക്കാരനോട് യേശു ചോദിക്കുന്നു ശൗലേ ശൗലേ നീ എന്നെ ഉപദ്രവിക്കുന്നതെന്ത് ? എന്ന്. സുവാർത്ത കൈവശമുണ്ടായിട്ടും അറിയിക്കാത്തവരോടും കർത്താവ് ഇതേ ചോദ്യം ചോദിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. "ഈ രക്ഷകനെപ്പറ്റി നീ ആരോടും പറയാത്തതെന്ത് ?" നാം നിത്യ ജീവനവകാശികൾ ആകണമെങ്കിൽ എന്തു ചെയ്യണമെന്ന് നല്ലശമര്യക്കാരന്റെ ഉപമയിൽ കൂടി യേശു വ്യക്തമാക്കുന്നു. (ലൂക്കോ:10:25-37) ശൗലിന്റെ ദമസ്ക്കോസിലേക്ക് പോകാം എന്ന തീരുമാനം ദൈവീക നിർദ്ദേശത്തിന്റെ*

അനുസരണമായിരുന്നു. യെറുശലേമിലേക്ക് പോയിരുന്നെങ്കിൽ സുവാർത്ത അറിയിക്കേണ്ട ആ ചുമതല ലഭിക്കുകയില്ലായിരുന്നു. യെറുശലേമോ, ദമസ്ക്കോസോ ഏതാണ് നമ്മുടെ തിരഞ്ഞെടുപ്പ്.




സമൂഹം അവഗണിച്ച നാല് കുഷ്ടരോഗികളെയാണ് ഒരു ദേശത്തിനു വേണ്ട സുവാർത്ത അറിയിപ്പാൻ യഹോവ നിയോഗിച്ചത്, അതിനായി യഹോവ അവരെ എത്തിച്ചത് ശത്രുപാളയത്തിലും. സന്ധ്യായാമത്തിൽ പുറപ്പെട്ട ഇവർ എത്തപ്പെട്ടത് ശത്രുപട്ടാളമില്ലാത്ത സുഭിക്ഷതയുടെ മദ്ധ്യത്തിലും. അവരുടെ ആവശ്യത്തിനുള്ളത് കരുതിക്കഴിഞ്ഞവർ മനസ്സിലാക്കി ഈ സദ്വാർത്ത അറിയിച്ചില്ലെങ്കിൽ കുറ്റമാകുമെന്ന്. അവർ അതിവേഗം അറിയിക്കേണ്ടിടത്ത് അറിയിച്ചു . അതേ ചെയ്യാനുള്ളത് ചെയ്ത ഇന്നും "**ജീവിക്കുന്ന ക്രിസ്തുവിനെ**" മരിച്ചവരുടെ ഇടയിൽ തിരയുന്നവരോട് എന്റെ യേശു ജീവിക്കുന്ന ക്രിസ്തുവിനെ മരിച്ചവരുടെ ഇടയിൽ തിരയുന്നവരോട് എന്റെ യേശു ജീവിക്കുന്നു എന്ന് പറയാത്തവർ ഓർക്കുക, ഒരു കാര്യം ചെയ്യുവാൻ ദൈവം ഏൽപിച്ചാൽ, പോക ചെന്നായ്ക്കളുടെ നടുവിലേക്ക് എന്നറിയിച്ചാൽ പോകുകതന്നെ വേണം നേരം പുലരും വരെ താമസിച്ചാൽ കുറ്റക്കാരാകും .

പ്രിയ ദൈവമക്കളേ പൗലോസ് പറഞ്ഞതുപോലെ പിമ്പിലുള്ള പാരമ്പര്യങ്ങളെ മറന്ന് മുമ്പിലുള്ളതിനായി ആ ലാക്കിലേക്ക് ഓടുക. ആ പരമവിളി മാത്രം ശ്രദ്ധിക്കുക. നമ്മുടെ മുമ്പിൽ ഒരു ലക്ഷ്യമുണ്ട്, ഒരു ഓട്ടക്കളവുമുണ്ട് പരമവിളി ലഭിച്ചവരായ നാം ആലാക്കിലേക്ക് ഓടുന്നവരാകണം അനേകരെ ഈ സദ്വാർത്തയുമായി ഓടുന്നവരാക്കുവാൻ നമുക്ക് കഴിയണം ഈ "**ഒരു കാര്യം ചെയ്യുന്നവർ**" ആകുവാൻ ദൈവം നിങ്ങളെ ഒരുക്കട്ടെ ഈ തീരുമാനം "**ഒന്നുമതി**" ദൈവം നിങ്ങളെ അനുഗ്രഹിപ്പാൻ അതിനായി നിങ്ങളെ സമർപ്പിക്കുക.

***Santhamma Varghese***

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind